LIBRARY ARCHIVES Kerala Legislative Assembly

ലൈറ്റ് മെട്രോ പദ്ധതി

230 (3981) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ ആരംഭിക്കുമെന്ന ഈ സർക്കാരിന്റെ പ്രഖ്യാപനത്തിൻമേലുള്ള തുടർ നടപടികളുടെ ഇപ്പോഴത്തെ നില എന്തെന്ന് വിശദമാക്കുമോ ;

(ബി) ധനകാര്യ വകുപ്പിൽ നിന്നും പദ്ധതിയുടെ ഫയൽ 30-ാളം കുറിയിട്ട് പി.ഡബ്ല്യു.ഡി. വകുപ്പിന് അയച്ചിട്ട് മാസങ്ങളായിട്ടും ഫയലിൽ യാതൊരുവിധ നടപടികളും സ്വീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ പ്രസ്തുത പദ്ധതി അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ :

(ഡി) എത്രയും പെട്ടെന്ന് ഈ പദ്ധതികൾ ആരംഭിക്കുന്നതിന് എന്തൊക്കെ അടിയന്തിര നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന് ഭരണാനുമതി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയിലാണ്.

കൊല്ലം പെരുമൺ പാലം നിർമ്മാണം

231 (3982) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പെരുമൺ പാലം നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയുമോ ;

(ബി) നടപ്പ് സാമ്പത്തികവർഷം പാലം നിർമ്മാണത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ ചെലവ് എത്രയെന്നറിയിക്കാമോ ?

ഉത്തരം

(എ) 16-9-2014-ലെ സ.ഉ.(സാധാ) നമ്പർ 4426/14/റവ ഉത്തരവ് പ്രകാരം പാലം നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) തുക വകയിരുത്തിയിട്ടില്ല.

(സി) ഏകദേശം 60 കോടി രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നു.

നെന്മാറ കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണം

232 (3983) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷന് മുമ്പായി പദ്ധതി ചെലവിന്റെ 25 ശതമാനം മുൻകൂറായി കെട്ടിവയ്ക്കേണ്ടതാണെന്ന് കാണിച്ച് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തീയതിക്കാണ് കത്ത് നൽകിയതെന്നും ഇത് സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) കൊല്ലങ്കോട് പട്ടണത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗത കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് പ്രസ്തുത പദ്ധതി എന്നത്തേക്ക് തുടങ്ങാൻ കഴിയും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1045/2009/പൊ.മ.വ പ്രകാരം 1300 ലക്ഷം രൂപയുടെ അനുമതിയും 30-9-2014-ലെ സ.ഉ.(സാധാ) നമ്പർ 4768/2014/റവന്യൂ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷന് മുൻപായി പദ്ധതി ചെലവിന്റെ 25% തുക മുൻകൂറായി കെട്ടിവയ്ക്കേണ്ടതാണെന്ന് കാണിച്ച് ലാന്റ് അക്വിസിഷൻ തഹസിൽദാർ 24-11-2014-ന് കത്ത് നല്കിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ 25 ശതമാനമായ 2,64,30,000 രൂപ അനുവദിക്കുന്നതിനുള്ള എൽ.സി. പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സ്ഥലമെടുപ്പ് നടപടി പൂർത്തിയാക്കിയതിന് ശേഷം ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly